**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 136 03.02.2020-ൽ മറുപടിക്ക്

## മലയാളികൾക്കെതിരെ കർണ്ണാടക പോലീസിന്റെ നോട്ടീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കഴിഞ്ഞ വർഷം ഡിസംബർ 19-ന് മംഗളൂരുവിൽ പൗരത്വഭേദഗതി നിയമത്തിനെതിരെ നടന്ന സമരത്തിന്റെയും പോലീസ് വെടിവയ്പ്പിന്റെയും പശ്ചാത്തലത്തിൽ അന്ന് നഗരത്തിലുണ്ടായിരുന്ന രണ്ടായിരത്തോളം മലയാളികളെ തെരഞ്ഞുപിടിച്ച് അന്വേഷണസംഘത്തിനു മുന്നിൽ ഹാജരാകാൻ കർണ്ണാടക പോലീസ് നോട്ടീസ് നൽകിയ സാഹചര്യം പരിശോധിക്കുകയുണ്ടായോ; | (എ) പരിശോധിച്ചിട്ടുണ്ട്. |
| (ബി) മൊബൈൽ ടവറുകൾ കേന്ദ്രീകരിച്ച് പരിശോധന നടത്തി കേരളത്തിൽ നിന്ന് എത്തിയവരുടെ മൊബൈൽ നമ്പർ ശേഖരിച്ചാണ് കർണ്ണാടക പോലീസ് നോട്ടീസ് അയച്ചതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) എന്തറിവിന്റെ അടിസ്ഥാനത്തിലാണ് നോട്ടീസ് അയച്ചതെന്നകാര്യം കർണ്ണാടക പോലീസുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു. |
| (സി) നോട്ടീസ് ലഭിച്ചവരിൽ സ്ത്രീകൾ, മത്സ്യത്തൊഴിലാളികൾ, ജോലിക്കാർ, കച്ചവടക്കാർ, വിദ്യാർത്ഥികൾ, ചികിത്സയ്ക്കെത്തിയ രോഗികൾ എന്നിവരെല്ലാം ഉൾപ്പെട്ടിട്ടുള്ള കാര്യം പരിശോധിക്കുകയുണ്ടായോ; | (സി) പരിശോധിച്ചിട്ടുണ്ട് |
| (ഡി) തികച്ചും നിരപരാധികളായവരെ പ്രതിസന്ധിയിലാക്കുന്ന ഈ നടപടി അവസാനിപ്പിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) പരിശോധിച്ച് നടപടികൾ വേണ്ടിവരുന്ന പക്ഷം ആവശ്യമായ ഇടപെടലുകൾ സർക്കാർ തലത്തിൽ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ